**Mr. P. Sankaran Nambiyar** (*Director of Public Instruction*):

(*a*) 750.

(*b*) 3 latrines—1. Collapsed.
2. Used by girls now.
3. Used by lady teachers.

(*c*) About 20.

(*d*) 1. Collapsed one-built 25 years ago.
2. Built in 1116.
3. Lady teachers' latrine. Date of construction not known.

## KOLE HARVEST—CONSTABLES ON SPECIAL DUTY

**368.** മിസ്റ്റർ ടി. കെ എൽ. കുഞ്ഞുവറീത്ത്:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് മറുപടി പറയുമോ:—

കോൾ കൊയ്ത്തു കാലത്തു സ്പെഷൽ ഡ്യൂട്ടിക്കയക്കുന്ന പോലീസുകാർക്കു സ്പെഷൽ അലവൻസു വല്ലതും കൊടുക്കാറുണ്ടോ; കൊടുക്കുന്നില്ലെങ്കിൽ അതിനു കാരണം എന്താണു്?

**മിസ്റ്റർ ബി. വി. കെ മേനോൻ:**

സ്പെഷൽ അലവൻസു കൊടുക്കാറുണ്ടു്.

## SWEEPERS, ETC.,—PANCHAYAT DEPARTMENT

**369.** മിസ്റ്റർ കെ. എ. രാഘവൻ:

താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഈ രാജ്യത്തെ പഞ്ചായത്തുകളിലെ വിളക്കുവെപ്പുകാരും സഫിപ്പർമാരും മുഴുവൻ സമയവും (Full time workers) ജോലി ചെയ്യുന്നവരാണോ;

(ബി) അവർ സർക്കാർ ജീവനക്കാരുടെ ലിസ്റ്റിൽ പെടുമോ;

(സി) അവരുടെ പ്രതിമാസശമ്പളം എത്രയാണു്;

(ഡി) യുദ്ധത്തിനുമുമ്പു് അവർക്കു എന്തു ശമ്പളമുണ്ടായിരുന്നു; (allowance)

(ഇ) എന്നും അവർ (Full time workers) ആയിരുന്നുവോ?

**റാവുസാഹിബു് സി. ജെ. മാത്യു:**

(എ) സഫിപ്പർമാർ മുഴുവൻസമയം ജോലി ചെയ്യുന്നവരാണു്. ഇപ്പോൾ വിളക്കു വെപ്പുകാർ ഇല്ല.

(ബി) Contingencies-ൽ നിന്നും ശമ്പളം മേടിക്കുന്ന സർക്കാർ ജീവനക്കാരാകുന്നു.

(സി) ക ഠ ക.

(ഡി) ഛ ക., ന ക., ന—വ— ഠ ക., ങക., ന ക. എന്നീ പല തോതുകളും ഉണ്ടായിരുന്നു.

(ഇ) അല്ല.

## ARTICLE IN THE "DEENABANDAU" DATED 15th MEENAM 1121

**370.** മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) "ഒരു മറുപടി കേൾക്കാൻ ആറുമാസം" എന്ന തലക്കെട്ടിൽ ക്രാഫ മീനം ക ങ-ാംതീ- യിലെ "ദീനബന്ധു" വിൽ ഒരു ലേഖനം അധികൃതന്മാർ കാണുകയുണ്ടായൊ;

(ബി) ഉണ്ടെങ്കിൽ അതിൽ വല്ല വാസ്തവവുമുണ്ടോ എന്നു അന്വേഷിച്ചിട്ടുണ്ടോ;

(സി) എച്ചു്. ആൻറ് പി. പി. ഇൻസ്പെക്ടർ തനിക്കു കിട്ടുന്ന അപേക്ഷകൾ റജിസ്റ്റു് ചെയ്യുകയും അവയിന്മേൽ ക്രമമായി നടപടി എടുക്കുകയും ചെയ്യണമെന്നു് വ്യവസ്ഥയും നടപടിയും ഇല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എം. എം. പോൾ:

(എ) ഉവ്വ്.

(ബി) അന്വേഷണം നടത്തുകയുണ്ടായി. ലേഖകൻ സൈക്കിളും ഉപകരണങ്ങളും ആവശ്യപ്പെട്ട സമയം സ്റ്റോക്കില്ലാതിരുന്നതിനാൽ പെർമിറ്റ് കൊടുക്കുവാൻ നിവൃത്തിയില്ലെന്നും ഈവക സാധനങ്ങൾക്കുള്ള അപേക്ഷകൾ അധികമുള്ളതിനാലും സാധനങ്ങളുടെ ദൌർല്ലഭ്യം നിമിത്തവും അത്യാവശ്യമുള്ളവർക്ക് മാത്രമെ അവ കൊടുക്കുവാൻ സാധിക്കുകയുള്ളുവെന്നും സാധനങ്ങൾ എത്തുന്ന നിശ്ചിതദിവസങ്ങൾ ഇസ്പെക്ടർക്കൊ കച്ചവടക്കാർക്കൊ മുൻകൂട്ടി ക്ലിപ്തപ്പെടുത്തുവാൻ നിവൃത്തിയില്ലെന്നുമാണ് മറുപടി പറഞ്ഞിട്ടുള്ളത്. അല്ലാതെ ലേഖനത്തിൽ പ്രസ്താവിച്ച മാതിരി ഹർജികളെ സംബന്ധിച്ച നടപടികളെപ്പറ്റിയൊ, അപേക്ഷകന്റെ ഉദ്ദേശം വരുമ്പോൾ തരുമെന്നൊ ദിവസേന വന്ന് അന്വേഷിച്ച് ഉള്ള പ്പോൾ വാങ്ങിച്ചുകൊള്ളണമെന്നൊ പറയാറുമില്ല, പറഞ്ഞിട്ടുമില്ല.

(സി) ഉവ്വ്.

## GOVERNMENT MOTOR BOATS

**371.** മിസ്റ്റർ കെ. എ. രാഘവൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമൊ —

(എ) കൊച്ചി സംസ്ഥാനത്ത് ഗവൺമെണ്ടുവകയായി എത്ര മോട്ടോർബോട്ടുകൾ ഉണ്ട്;

(ബി) അവകൾ എല്ലാം ഇപ്പോൾ നല്ല സ്ഥിതിയിലാണോ (good running condition) കിടക്കുന്നത്;

(സി) എത്ര ഡിപ്പാർട്ട്മെണ്ടിലേക്ക് ഗവൺമെണ്ടുബോട്ടുകൾ അതാതു ഡിപ്പാർട്ട്മെണ്ടിന്റെ ആവശ്യത്തിലേക്ക കൊടുത്തിട്ടുണ്ട്;

(ഡി) അങ്ങിനെ കൊടുത്തിട്ടുള്ള ബോട്ടുകളും ഇപ്പോൾ ശരിയായി കാണുന്നുണ്ടൊ;

(ഇ) ബാക്കിയുള്ള ബോട്ടുകൾ അത്യാവശ്യത്തിന് ഉപയോഗപ്രദമായ സ്ഥിതിയിൽ ആണോ സൂക്ഷിച്ചിട്ടുള്ളത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഫോ ബോട്ടുകൾ.

(ബി) രണ്ടെണ്ണം ഒഴികെ ബാക്കി എട്ടെണ്ണം നല്ലസ്ഥിതിയിലാണ്.

(സി) പോലീസ് ഡിപ്പാർട്ട്മെണ്ടിലേക്ക് രണ്ട് ബോട്ടുകളും ഫിഷറി ഡിപ്പാർട്ട്മെണ്ടിലേക്ക് ഒരു ബോട്ടും എക്സൈസ് ഡിപ്പാർട്ട്മെണ്ടിലേക്ക് ഒരു ബോട്ടും ഡിഫൻസ് ഡിപ്പാർട്ട്മെണ്ടിലേക്ക് ഒരു ബോട്ടും കൊടുത്തിട്ടുണ്ട്.

(ഡി) പോലീസ് ഡിപ്പാർട്ട്മെണ്ടിലെ രണ്ട് ബോട്ടുകളിൽ വച്ച് എണ്ണം പഴക്കത്താൽ ഉപയോഗശൂന്യമായ നിലയിൽ എത്തിയിരിക്കുന്നു. ബാക്കിയുള്ളവയെല്ലാം ഒരുമാതിരി തൃപ്തികരമായ നിലയിൽതന്നെയിരിക്കുന്നു.

(ഇ) അതെ.

## MINERALS IN THE COASTAL REGIONS

**372. Mrs. T. Francis** *(Ernakulam-Women)*: Will Government be pleased to state,—what steps the Government of Cochin intend to take as regards Scientific researches,—

(*a*) to find out valuable minerals from the coastal and other regions of Cochin State;

(*b*) to find out medicinal specifics;

(*c*) to find out nutritional properties, such as vitamins of various kinds?

**Mr. P. Sankaran Nambiyar** *(Director of Public Instruction)*:

(*a*) It is hoped that a Geological Survey of the State will be conducted shortly.

(*b*) The purely chemical side is being attempted in the Maharaja's College, Ernakulam.

(*c*) The instructions received from the experts of the Government of India are being followed. No separate programme for the State is being adopted.

LIBRARY ARCHIVES Kerala Legislative Assembly